Arrangements in the absence of the Chief Minister

ശ്രീ. കെ. കരുണാകരൻ: സർ, ഈ സഭയുടെ മാവിപ്രവർത്തനത്തെപ്പറ്റി പ്രധാനപ്പെട്ട ഒന്നരണ്ട് കാര്യങ്ങളും അറിഞ്ഞാൽ കൊള്ളാം. ഇന്ന് ഞങ്ങൾക്ക് അജണ്ട യോടൊപ്പംതന്നിട്ടുള്ള ഒരു ബുള്ളറ്റിൻ കിട്ടിയിട്ടുണ്ട്. അതിൽ ഇങ്ങനെ പറയുന്നു.

9 A.M. "Shri E. M. S. Namboodiripad, Chief Minister, will be away from the State for reasons of health from the after noon of 14th August, 1969. The Governor has been pleased to assign, for the duration of his absence, the subjects held by the Chief Minister to the following Ministers". ഇതു പോർട്ടഫോളിയോ വിതരണം സംബന്ധിച്ച മാത്രമേയുള്ള. ഈ സമയിലെ ചീഫ് മിനിസ്റ്റരുടെ ചുമതല ആരാണ് വഹിക്കുന്നത്; ഈ സമയുടെ നേതാവ് ആരാണ്? ഈ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളും അറിയേണ്ടതായിട്ടുണ്ട്. ഈ സമയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയി ട്ടുണ്ടോ; ഉണ്ടെങ്കിൽ അതാരാണെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: സഭാനേതാവു ബഹുമാനപ്പെട്ട റവന്യുമന്ത്രി ആയിരിക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെ എഴുതി അറിയിച്ചിട്ടുണ്ട്.

"This is to inform you that during my absence Smt. K. R. Gouri will act on my behalf and discharge the functions of the Leader of the House.,, ഇതു ബഹുമാനപ്പെട്ട മുഖ്യമന്ത്രി എഴുതി തന്നിരിക്കുന്നതാണ്. ഇതനുസരിച്ച് സമയിലെ കാര്യങ്ങളെല്ലാം നടക്കും.

ശ്രീ. കെ കരുണാകരൻ: സഭാനേതാവുമാത്രം ഉണ്ടായിരുന്നാൽ പോര.

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): രണഘടനയിലെ ആർട്ടിക്കിൾ 163 പ്രകാരം കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സും ചീഫ് മിനിസ്റ്ററും ഗവർണ്ണറെ ഉപദേശിക്കാനും സഹായിക്കാനുമാണ്. ആർട്ടിക്കിൾ 164 പ്രകാരം ഗവർണ്ണർ മുഖ്യമന്ത്രിയെ നിയമിക്കുകയും ചീഫ് മിനിസ്റ്ററുടെ ഉപദേശപ്രകാരം മറ്റു മന്ത്രി മാരെ നിയമിക്കുകയും ചെയ്യുന്നുണ്ട്. ആർട്ടിക്കിൾ 167-ൽ മന്ത്രിമാരുടെ ചുമതല കളെസംബന്ധിച്ച പറയുന്നുണ്ട്. ഗവർണ്ണർക്ക് ചീഫ് മിനിസ്റ്ററുടെ ഡ്യൂട്ടി ഓഫ് റൂൾസ് ഫ്രെയിം ചെയ്യാൻ അധികാരമുണ്ട്. ചീഫ് മിനിസ്റ്റർ ഇല്ലെന്ന ഒറ റക്കാരണത്തിന്റെ പേരിൽ നിയമസഭാനടപടികളും നിറുത്തിവയ്ക്കേണ്ട ആവശ്യമില്ല. ആവശ്യമാണെന്ന കാണുകയാണെങ്കിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയോ അതിന്റെ ആവശ്യമില്ലെന്നുകണ്ടാൽ വക്കിംഗ് അറേഞ്ച്മെന്റ് ചെയ്യുകയോ ചെയ്യുന്നതിന് ആവശ്യമായ നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ; ആർട്ടിക്കിൾ 167 ഇതാണ്.

It shall be the duty of the Chief Minister of each State—

(a) to communicate to the Governor of the State all decisions of the Council of Ministers relating to the administration of the affairs of the State and proposals for legislation;

(b) to furnish such information relating to the admistration to the affairs of the State and proposals for legislation as the Governor may call for; and....."

ചീഫ് മിനിസ്റ്റർ ഗവർണ്ണർക്ക് കമ്മ്യൂണിക്കേറ്റ് ചെയ്യുന്നതുപോലെ തന്നെ ഗവർണ്ണർക്ക് ചീഫ് മിനിസ്റ്ററോടും കാര്യങ്ങളും ആലോചിക്കേണ്ടതായിട്ടുണ്ട്. ചീഫ് മിനിസ്റ്ററുടെ ചുമതലയെസംബന്ധിച്ചാണ് ആർട്ടിക്കിൾ 167-ൽ പറയുന്നത്. മുഖ്യമന്ത്രിയെ നിയമിക്കാൻ ഗവർണ്ണർക്ക് അധികാരമുണ്ട്. മുഖ്യമന്ത്രിയിൽ വിശ്വാസം നഷ്ടപ്പെട്ടാൽ അദ്ദേഹത്തെ നീക്കം ചെയ്യാൻ ഗവർണ്ണർക്ക്

LIBRARY ARCHIVES Kerala Legislative Assembly

അധികാരമുണ്ട്. ഇവിടെ മുഖ്യമന്ത്രിയെ നീക്കം ചെയ്യുന്ന പ്രശ്നം ഉദിച്ചിട്ടില്ല. മുഖ്യമന്ത്രി ഇപ്പോൾ സംസ്ഥാനത്തില്ല. അദ്ദേഹം ഇല്ലാത്ത സമയത്തു് മുഖ്യമന്ത്രിയുടെ ചുമതല ആരു വഹിക്കണം. ഇക്കാര്യത്തിൽ നമുക്കു് ഭരണഘടനാസംബന്ധമായ വിവരം കിട്ടുന്നതു് ഭരണഘടനയുടെ വ്യാഖ്യാനത്തിൽനിന്നാണു്. ബാസുവിന്റെ ഭരണഘടനാവ്യാഖ്യാനം വായിക്കാൻ ഞാനാഗ്രഹിക്കുകയാണു്.

Shri T. K. Krishnan: May I know, sir, under what provision this discussion is going on.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ ജോലി ആരാണു് ചെയ്യേണ്ടതെന്നുള്ളതിനെ സംബന്ധിച്ചു് അറിയാനാണു് കരുണാകരൻ ചോദിക്കുന്നതു്.

ശ്രീ. കെ. കരുണാകരൻ: ആർട്ടിക്കിൾ 167-നെ സംബന്ധിച്ചിടത്തോളം പറയുന്നതു്

Firstly, even though the Governor has no right to interfere with the day-to-day administration, he has, like the British Crown the right "to advise the Ministry, to warn the Ministry (because the Ministry holds office at his pleasure) to suggest to the Ministry an alternative and to ask for a reconsideration". For this purpose, the duty has been imposed upon the Chief Minister to communicate to the Governor all executive and legislative proposals of the Ministry.

Secondly, not only is the Chief Minister bound to communicate to the Governor all executive and legislative proposals of the Ministry, the Governor is vested with the right to call for information relating to any specific matter as he desired.

ഗവർണ്ണറുടെ ചുമതലകളെ സംബന്ധിച്ചിടത്തോളം പറയുന്നതു് ഇങ്ങനെയാണു്:

Though the Governor is a constitutional head, he is not a representative of any party. As the impartial head of the State, it is his duty to see that the administration is carried on with impartiality and honesty.

As explained by Dr. Ambedkar in the Constituent Assembly, the two-fold provisions in clauses (a)-(b) of the present Article have been engrafted with this end in view.

ഒരു സംസ്ഥാനത്തെ ഗവർണ്ണറും, മുഖ്യമന്ത്രിയും പ്രസിഡന്റും പ്രധാനമന്ത്രിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു് Constitutional Law-യിൽ പറയുന്നതു് ഇങ്ങനെയാണു്.

This does not mean that the office of the President of India and the Office of the Governor is merely ornamental. Artls. 78 and 167 impose on the Prime Minister and the Chief Ministers the duty to communicate to the President and the Governor respectively all decisions of the Council of Ministers relating to the administration of the affairs of the Union or the State and proposals for legislation to forward such information relating to the administration of the affairs of the Union or the State and proposals for legislation which the President or the Governor may call for and if so required by the President or the Governor to submit for the consideration of the Council of Ministers any matter in which the decision has been taken by a Minister, but which has not been considered by the Council. These powers are of considerable importance in the case of President, who holds

LIBRARY ARCHIVES Kerala Legislative Assembly

an elective office. They are, however, powers of giving advice or counselling delay or the need for caution and they are powers which may be used to build bridges between the Government and the opposition. It is obvious that the importance of these powers depends on the holder of the office and according as the Council of Ministers and the two Houses respect the wisdom, the sagacity and the integrity of the President, they will respond to his advice and guidance, even though they may not be able to give up the policies to which they are committed.

In this respect the position of the Governor is not quite the same as that of the President, for the Governor does not hold an elective office and therefore lacks that element of popular support which belongs to an elected president; but even here the personality of the holder of the office can make his advice and guidance respected. Then executive power is not defined in our Constitution.

അധികാരങ്ങളെ സംബന്ധിച്ചു പറയുന്ന മാഗത്തു് ഗവർണ്ണർക്കു് എക്സിക്യൂട്ടീവു് പവ്വേഴ്സു് കൊടുക്കുന്നതു് കാണ്സ്റ്റിറ്റ്യൂഷണൽ ഹെഡ്ഡു് എന്ന നിലയിൽ മാത്രമാണു്. ഈ എക്സിക്യൂട്ടീവു് ഫംഗ്ഷൻസു് മുഖ്യമന്ത്രിയുടെ അഡ്വൈസു് പ്രകാരം മാത്രമേ ആകാവൂ. മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം മാത്രമേ ഈ ചുമതലകളും നിറവേറ്റാവൂ എന്ന വ്യവസ്ഥയുണ്ടായിരിക്കെ ഈ സംസ്ഥാനത്തിന്റെ ഭരണം ഉംപ്പെടെയുള്ള കാര്യത്തിൽ ഭരണഘടനാസ്തംഭനം ഉണ്ടായിരിക്കുകയാണു് എന്നാണു് ഞാൻ പറയുന്നതു്. ഇതിനെസംബന്ധിച്ചു് വ്യക്തമായ വിവരം തന്നാൽ കൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി: ഇവിടെ ഒരു ഭരണഘടനാസ്തംഭനമില്ല. ഭരണഘടനയിൽ പറഞ്ഞിരിക്കുന്നതു്

"The Council of Ministers shall be collectively responsible to the Legislative Assembly of the State." എന്നാണു്.

ആർട്ടിക്കിൾ 167-ൽ മുഖ്യമന്ത്രിയുടെ ചുമതലകളെ സംബന്ധിച്ചു പറയുന്നുണ്ടു്. മുഖ്യമന്ത്രിയുടെ ആ ചുമതലകൾ നിവ്വഹിക്കാൻ കൂട്ടായ മിനിസ്റ്ററിക്കു് അധികാരം ഉണ്ടായിരിക്കും. 166-ംവകുപ്പിൽ രൂപം ഉണ്ടാക്കാൻ ഗവർണ്ണർക്കു് അധികാരമുണ്ടെന്നു പറഞ്ഞിരിക്കുന്നതു് ഇതുംപ്പെടെയാണു്. ഇതിന്റെ അടിസ്ഥാനത്തിൽ ചീഫു് മിനിസ്റ്ററുടെ അഭാവത്തിൽ പ്രവർത്തനം ശരിയായി നടത്തുന്നതിനാവശ്യമായ നിർദ്ദേശം ഗവർണ്ണർക്കു് കൊടുത്തിട്ടുണ്ടു്. ഇതു് വക്കിംഗു് അറേഞ്ച്മെന്റു് ആയി മതിയോ നോട്ടിഫിക്കേഷൻതന്നെ വേണമോ എന്നു നോക്കി നോട്ടിഫിക്കേഷൻ വേണമെങ്കിൽ ഉടനെ ഇഷ്യു ചെയ്യുന്നതാണു്. ആവശ്യമായ എല്ലാ നടപടികളും നടന്നിട്ടുണ്ടു്. ഒരു ഭരണഘടനാസ്തംഭനവും ഉണ്ടായിട്ടില്ല. ഇതിനു മുമ്പു് ഇവിടെ പ്രസിഡന്റു ഭരണം നിലവിലിരുന്ന കാലത്തും രണ്ടു് അഡ്വൈസറന്മാർ ഭരിച്ചിരുന്ന കാലത്തും ചീഫു് മിനിസ്റ്ററുടെ ഡ്യൂട്ടി നടന്നിട്ടുണ്ടു്. ഇതുപോലുള്ള പ്രസിഡന്റു് മുമ്പു് ഉണ്ടായിട്ടുണ്ടു്. ആവശ്യമായ എല്ലാ നടപടികളും എടുത്തിട്ടുണ്ടു്.

Shri K. Karunakaran: "There shall be a Council of Ministers with the Chief Minister at the head to aid and advise the Governor in the exercise of his functions, except in so far as he is by or under this Constitution required to exercise his functions or any of them in his discretion."

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ചീഫ് മിനിസ്റ്ററുടെ ഡ്യൂട്ടികൾ എന്താണെന്ന പറഞ്ഞിട്ടുണ്ട്. മന്ത്രിസഭയുടെ ചെയർമാനാകുക, നിയമസഭയിൽ നേതൃത്വം വഹിക്കുക, ഭരണപരമായ കാര്യങ്ങളിൽ മന്ത്രിമാരെ കൂട്ടി ഇണക്കി പ്രവർത്തനം. നടത്തുക ഇതെല്ലാമാണ് മുഖ്യമന്ത്രിയുടെ ജോലികൾ. ചീഫ് മിനിസ്റ്ററുടെ അസാന്നിദ്ധ്യത്തിൽ ഈ ജോലികൾ എങ്ങനെ ചെയ്യണം എന്നുള്ളതാണ് പ്രശ്നം. അതിനുവേണ്ടി ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. യാതൊരു വിധത്തിലുള്ള ഭരണഘടനാസ്തംഭനവുമില്ല.

ശ്രീ. കെ. എം. ജോർജ്ജ്: മുമ്പ് രണ്ട് അഡ്വൈസർ രേഖപ്പെടുത്തിയിരുന്ന കാര്യമൊക്കെ ശ്രീമതി ഗൗരി പറയുകയുണ്ടായി. അപ്പോൾ ഒരു ചീഫ് മിനിസ്റ്ററെങ്കിലും വേണമെന്നുള്ളതു് വളരെ അത്യാവശ്യമാണ്. ഞാൻ ഭരണഘടനയെക്കുറിച്ചൊന്നും പറയുന്നില്ല. ക്യാബിനറ്റിന്റെ പ്രവർത്തനം നടക്കണമെങ്കിൽ ഏതെങ്കിലും പ്രധാനപ്പെട്ട കാര്യം ക്യാബിനറ്റിലേക്ക് റഫർ ചെയ്തു തീരുമാനമെടുക്കണമെങ്കിൽ മുഖ്യമന്ത്രി ആവശ്യമാണ്. ഒരു നിമിഷം പോലും ചീഫ് മിനിസ്റ്റർ ഇല്ലാതിരിക്കാൻ പാടില്ല. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തു് ചീഫ് മിനിസ്റ്റർ ഇല്ല. ഈ നോട്ടിഫിക്കേഷനിൽ വകുപ്പുകൾ വിഭജിച്ച കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. ചീഫ് മിനിസ്റ്ററുടെ ചുമതല ആരു വഹിക്കുമെന്നു പറഞ്ഞിട്ടില്ല. അതുകൊണ്ട് ഭരണഘടനയനുസരിച്ച് ഈ ഗവണ്മെന്റിനു് നിലനിൽക്കാൻ നിവൃത്തിയില്ല. സഭയ്ക്ക് ഇപ്പോൾ ഒരു നാഥനില്ല. അങ്ങനെയിരിക്കുന്ന അവസരത്തിൽ സഭ മുന്നോട്ടു പോകുന്നതിൽ അർത്ഥമില്ല. അതുകൊണ്ട് മുന്നോട്ടു പോകാൻ നിവൃത്തിയില്ല. നിയമസഭ പിരിച്ചുവിടുകയുമെന്നു് എ.കെ. ഗോപാലൻ നിർഭാഗ്യവശാൽ പറഞ്ഞിരിക്കുകയാണ്. ഇതു് നിസ്സാരമായ കാര്യമല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സഭയിലില്ലാത്ത ഒരാളിന്റെ കാര്യം പറയുന്നതു ശരിയാണോ?

മി. സ്പീക്കർ: ഇവിടെയുള്ള ആളുകളുടെ കാര്യങ്ങളെപ്പറ്റി പറഞ്ഞാൽ മതി,

ശ്രീ. കെ. എം. ജോർജ്ജ്: എ. കെ. ഗോപാലനെപ്പോലുള്ള ഒരാളെ ഇന്ന തരത്തിൽ നിയമസഭ ഫംഗ്ഷൻ ചെയ്യണമെന്നു് ആജ്ഞാപിക്കാൻ ഇടയായതു് ഇവിടെ ഒരു നാഥനില്ലാത്തതുകൊണ്ടാണു്. ചീഫ് മിനിസ്റ്റർ പോയതു് അതിനു് ഒരു വ്യവസ്ഥ ചെയ്യാതെയാണു്. അതുകൊണ്ട് ഇതിനൊരു പരിഹാരം ഉണ്ടാക്കിത്തരണമെന്നു് ഞാൻ അങ്ങയോടപേക്ഷിക്കുകയാണു്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടാണു് മുഖ്യമന്ത്രി പോയിട്ടുള്ളതു്. ഗവർണ്ണർക്കാണു് എഴുതി അയയ്ക്കേണ്ടതു്. എത്ര വിദഗ്ധമായി സംസാരിച്ചാലും അങ്ങനെ അല്ലാതാകുന്നില്ല. പേപ്പറുകൾ ക്യാബിനറ്റിൽ എങ്ങനെ അയയ്ക്കണമെന്നും ഏതുവിധത്തിൽ വേണമെന്നും എല്ലാം സംബന്ധിച്ചു് നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ പരസ്യം ചെയ്യുന്നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ എന്തുചെയ്യണമെന്നുള്ളതു സംബന്ധിച്ചും നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ആക്കാര്യം യാതൊരു സംശയവും വേണ്ട. ആരും വേവലാതിപ്പെടേണ്ടതുമില്ല. ഭരണഘടന തകർന്നുപോകുമെന്നും വിചാരിക്കേണ്ടതില്ല.

ശ്രീ. കെ. എം. ജോർജ്ജ്: ശ്രീമതി ഗൗരി യാതൊരു സംശയവും വേണ്ട എന്നു പറഞ്ഞതിനെ വിശ്വസിക്കാതിരിക്കേണ്ട കാര്യമില്ല. പക്ഷേ ഇക്കാര്യത്തിൽ വിശ്വസിക്കുവാൻ യാതൊരു നിവൃത്തിയുമില്ല. യാതൊരുകാരണവശാലും നിയമസഭയുടെ പ്രവർത്തനങ്ങൾ നടത്താൻ സാധ്യമല്ലാത്ത ഒരുസ്ഥിതിവിശേഷം സംജാതമായിരിക്കുകയാണു്. അതുകൊണ്ട് നിയമസഭാനടപടികൾ നിറുത്തിവയ്ക്കണം. അതല്ലെങ്കിൽ ഭരണഘടനപ്രകാരം ശരിയായ നടപടിയായിരിക്കുകയില്ല. ഇതി

LIBRARY ARCHIVES Kerala Legislative Assembly

നൊരു പരിഹാരം ഉണ്ടാക്കിയശേഷമേ നിയമസഭയുടെനടപടികളും നടത്താവൂ എന്നാണ് എന്റെ അഭിപ്രായം. യാതൊരു വിഷമവുമില്ല, യാതൊരു വിഷമവുമില്ല എന്നു ശ്രീമതി ഗൗരി പറഞ്ഞാൽ മാത്രം പോരാ ശ്രീമതി ഗൗരിക്കു വിഷമം ഇല്ലായിരിക്കാം. പക്ഷേ ഞങ്ങളെ സംബന്ധിച്ചിടത്തോളം അതല്ല സ്ഥിതി. ആരാണു സർ ഞങ്ങളുടെ മുഖ്യമന്ത്രി ?

ശ്രീ. സി. ബി. ചന്ദ്രശേഖരപ്പാർയർ: ചീഫ് മിനിസ്റ്റർ ഇല്ല എന്നു സംശയിക്കേണ്ടതില്ല. ശ്രീ. ഇ.എം.എസ്. അല്ലേ നമ്മുടെ ചീഫ് മിനിസ്റ്റർ ? ചീഫ് മിനിസ്റ്റർ സ്ഥലത്തില്ല എന്നുള്ളതേയുള്ള

മി. സ്പീക്കർ: മുഖ്യമന്ത്രി ഇല്ലെന്നു പറയുന്നതിൽ അർത്ഥമില്ല. ഇന്നു രാവിലെയും റേഡിയോയിൽ ചീഫ് മിനിസ്റ്റർ മോസ്കോയിൽ ഇറങ്ങിയെന്നും മറ്റും വാർത്തകൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ അധികാരങ്ങൾ ആരു വിനിയോഗിക്കണം എന്നുള്ളതാണു ഇവിടെ പ്രശ്നം. അതു ഭരണഘടനാപരമായി ആലോചിക്കേണ്ട പ്രശ്നമാണു്. ആലോചിക്കേണ്ട പ്രശ്നം അല്ലെന്നൊന്നും ഞാൻ പറയുന്നില്ല. അദ്ദേഹത്തിന്റെ ചുമതലകൾ മറ്റു മന്ത്രിമാർക്കു വിഭജിച്ചു കൊടുത്തിട്ടുള്ളതായി ഗവർണ്ണറുടെ നോട്ടഫിക്കേഷനിൽ പറയുന്നുണ്ടു്. നമ്മുടെ ബഹുമാനപ്പെട്ട ഗവർണ്ണർ ഇതിനെപ്പറ്റിയെല്ലാം ആലോചിച്ചു കാണും. ഭരണഘടനാപരമായ അതിർത്തിയിൽ നിന്നുകൊണ്ടായിരിക്കും അദ്ദേഹം ചെയ്തിരിക്കുന്നതെന്നാണു് എന്റെ വിശ്വാസം. നമ്മെ സംബന്ധിച്ചിടത്തോളം സഭയുടെ പ്രവർത്തനങ്ങൾ തുടർന്നു നടത്തുന്നതിനു് സഭാനേതാവു വേണം. വകുപ്പുകൾ ആർക്കെല്ലാം കൊടുത്തിരിക്കുന്നു എന്നുള്ളതെല്ലാം അറിയേണ്ടതുണ്ടു്. ചോദ്യങ്ങൾ ചോദിക്കുന്നതിനും ഉത്തരം പറയുന്നതിനും മറ്റും അതാവശ്യമാണു്. ആ നിലയിലുള്ള നിജപ്പെടുത്തലുകൾ എല്ലാം ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണു്. പിന്നെ ബഹുമാനപ്പെട്ട ഗവർണ്ണറാണു് ഈ വിധത്തിലുള്ള ഭരണഘടനാപരമായ വല്ല പ്രശ്നങ്ങളും ഉണ്ടോ എന്നുള്ളതിനെപ്പറ്റി കൂടുതലായി ചിന്തിക്കേണ്ടതു്. അദ്ദേഹം അങ്ങനെ ചിന്തിച്ചുകാണുകയും ചെയ്യും. അതിനുശേഷമായിരിക്കും അങ്ങനെ ചെയ്തിരിക്കുന്നതെന്നാണു് എന്റെ വിശ്വാസം. കൂടുതലായി എന്താണു വേണ്ടതെന്നു് എനിക്കു് അറിയുകയില്ല.

ശ്രീ. കെ. കരുണാകരൻ: സർ. എനിക്കൊരു സബ്മിഷനുണ്ടു്. ഇന്നു് സഭാനടപടികൾ നിറുത്തിവച്ചിട്ടു് നാളെ സഭയുടെ മുമ്പാകെ അഡ്വക്കേറ്റു് ജനറലിനെ വരാൻ പറയുകയും അഡ്വക്കേറ്റു് ജനറലിന്റെ വാദം കേട്ടശേഷം ചർച്ച ചെയ്തു് തീരുമാനമെടുക്കുകയും ചെയ്യണം. അതിനുശേഷമല്ലാതെ സഭാനടപടികൾ നടത്തുന്നതു ശരിയല്ല. ഇതിന്റെ നാനാവശങ്ങളെപ്പറ്റിയും മനസ്സിലാക്കേണ്ടതുണ്ടു്. ലജിസ്ലേഷനുമായി സംബന്ധിച്ചിടത്തോളമാണെങ്കിൽ ചീഫ് മിനിസ്റ്റർ ഗവർണ്ണർക്കു് എഴുതുകയും ഗവർണ്ണർക്കു് എന്തെങ്കിലും സംശയമുണ്ടെങ്കിൽ ചീഫ് മിനിസ്റ്ററോടു് ചോദിക്കുകയും വേണം. തീർച്ചയായും ഇന്നു സഭാനടപടികൾ നിറുത്തിവച്ചിട്ടു് നാളെ ഇതിനെസംബന്ധിച്ചു് വിശദമായി ചർച്ച നടത്തി ഒരു അവസാന തീരുമാനം എടുക്കണം. വളരെ ഗൗരവതരമായ ഒരു സംഗതിയാണിതു്. വകുപ്പുകൾ ആരാണു കൈകാര്യം ചെയ്യുന്നതു് എന്നുള്ളതല്ല പ്രധാന പ്രശ്നം. അസംബ്ലിയുടെ നടപടികളെ ബാധിക്കുന്ന പല പ്രശ്നങ്ങളുമുണ്ടു്. അതുകൊണ്ടു് നാളെ അഡ്വക്കേറ്റു് ജനറലിനെ വരാൻ പറയുകയും അദ്ദേഹം വന്നതിനുശേഷം അദ്ദേഹത്തിന്റെകൂടി അഭിപ്രായം ആരാഞ്ഞു് അവസാനതീരുമാനം എടുക്കുകയും ചെയ്യണമെന്നു് അഭ്യർത്ഥിക്കുകയാണു്.

ശ്രീ കെ. മൊയ്തീൻകുട്ടിഹാജി: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ ആലോചിച്ചു ശരിയായിരിക്കും തീരുമാനമെടുത്തിട്ടുള്ളതു്. മദ്രാസ്സിൽ ശ്രീ. കാമരാജ് മുഖ്യമന്ത്രിയായിരുന്നപ്പോഴും സുപ്രധാനമായിരുന്ന ലീഡർ ഓഫ് ദി ഹൗസ്, അതുകൊണ്ടു് മുഖ്യമന്ത്രിതന്നെ ആയിരിക്കണം ലീഡർ ഓഫ് ദി

LIBRARY ARCHIVES Kerala Legislative Assembly

ഹൗസ് എന്നുള്ളതു് നിർബ്ബന്ധമുണ്ടെന്നു തോന്നുന്നില്ല. ലീഡർ ഓഫ് ദി ഹൗസ് ഇല്ലെന്നുള്ള നിഗമനത്തിൽ ഹൗസിന്റെ നടപടികളും നിർത്തിവയ്ക്കേണ്ടതില്ല. ലീഡർ ഓഫ് ദി ഹൗസ് ഉണ്ടെന്നു സ്പീക്കർക്കു് എഴുതി ബോധ്യപ്പെടുത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സഭാനടപടികളും മുന്നോട്ടു കൊണ്ടുപോകാൻ യാതൊരു വിരോധവുമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ സഭാനടപടികളും മുന്നോട്ടു കൊണ്ടുപോകാൻ ആവശ്യമായ വിവരങ്ങളെല്ലാം അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നടപടികളും മുന്നോട്ടു കൊണ്ടുപോകാൻ യാതൊരു തടസ്സവുമില്ല. ഭരണഘടനാസ്തംഭനത്തെപ്പറ്റിയെല്ലാം പറയുകയാണെങ്കിൽ ഡൽഹിയിൽ നടക്കുന്ന സംഭവങ്ങളെപ്പറ്റി ആലോചിക്കുമ്പോൾ മിലക്കെല്ലാം വിഷമം ഉണ്ടാകുമെങ്കിലും അതു നേരത്തേ പഞ്ഞ കാര്യങ്ങളും വച്ചുകൊണ്ടു് ഈ പ്രശ്നത്തിനു അവസാനിപ്പിക്കുന്നതാണു് എന്റെ അഭിപ്രായം.

Shri K. Mahabala Bhandari: As Mr. Karunakaran pointed out the House may adjourn now and meet tomorrow in the presence of the advocate General. That is our view.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കൺസ്റ്റിറ്റ്യൂഷണൽ പ്രോപ്രൈറ്റി സഭയ്ക്കു് തീരുമാനിക്കാൻ ഒക്കുകയില്ല. ഭരണഘടന അതനുസരിച്ചു് ഇവിടെ മന്ത്രിസഭ ഇല്ലെന്നു് ഗവർണ്ണർക്കു് തീരുമാനിക്കാനും അതനുസരിച്ചു് വേറൊരു മന്ത്രിസഭ ഉണ്ടാക്കാനും കഴിയും. ലീഡർ ഓഫ് ദി ഹൗസ് എന്നുള്ളതു് ഡലിഗേറ്റു് ചെയ്യാവുന്ന പൗവ്വറാണോ എന്നാണു് സംശയം.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഇതുപോലെയുള്ള സർന്ദർഭങ്ങൾ ഇതിനു മുമ്പു് കേന്ദ്രത്തിലും മറ്റു സംസ്ഥാനങ്ങളിലുമെല്ലാം നടന്നിട്ടുണ്ടു്. മുഖ്യമന്ത്രിക്കോ പ്രധാനമന്ത്രിക്കോ സുഖക്കേടു വരാൻ പാടില്ലെന്നില്ല. അതുപോലെ മുഖ്യമന്ത്രി എല്ലാ ദിവസവും തിരുവനന്തപുരത്തു് ഇരിക്കണമെന്നുമില്ല. പര്യടനമോ സുഖക്കേടോ മറ്റു വല്ല ചുമതലകളോ കാരണം മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും എല്ലാം സംസ്ഥാനത്തില്ലാതിരിക്കുക എന്നുള്ളതു് എല്ലായിടത്തും നടക്കുന്ന കാര്യമാണു്. അങ്ങനെ ഇവിടെയും നടന്നപ്പോൾ അതു് ഭരണഘടനാസ്തംഭനമാണെന്നു പറഞ്ഞുപരത്തി തക്കം മുണ്ടാക്കാനുള്ള ഈ ശ്രമം അങ്ങേയറ്റം തെറ്റാണു്. സഭാനടപടികളും നടന്നുകൊണ്ടിരിക്കുമ്പോൾ മുഖ്യമന്ത്രി മറ്റൊരു മന്ത്രിയെ ചുമതലപ്പെടുത്തുന്ന നടപടി മദ്രാസിലും ബോംബേയിലും ഡൽഹിയിൽ പോലും നടന്നിട്ടുണ്ടു്.

ശ്രീ ഇ ജോൺ ഫിലിപ്പോസ്: ഭരണഘടനയനുസരിച്ചു് വളരെ വ്യക്തമായിത്തന്നെ മുഖ്യമന്ത്രിയുടെ ചുമതലകളും എന്താണു് എന്നു പറഞ്ഞിട്ടുണ്ടു്. അതു് ആരാണു് ഇവിടെ നടത്തുന്നതെന്നറിയണം. അത്രമാത്രമേയുള്ളു. ലീഡർ ഓഫ് ദി ഹൗസ് ഉണ്ടെങ്കിൽ ചീഫ് മിനിസ്റ്ററുടെ ജോലികളും ആരാണു് നടത്തുന്നതെന്നു് ഈ സഭയ്ക്കു് അറിയണം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ചീഫ് മിനിസ്റ്ററുടെ ഫംഗ്ഷൻസ് എന്തെല്ലാമാണെന്നും അതു് എങ്ങനെ കൈകാര്യം ചെയ്യണമെന്നും ഭരണഘടനയിൽ പറഞ്ഞിട്ടുണ്ടു്. അതു കൈകാര്യം ചെയ്യുന്നതിനു് വിശദമായ നടപടി ക്രമങ്ങളെ സംബന്ധിച്ചു് ഗവർണ്ണർക്കു് എഴുതിയിട്ടുണ്ടെന്നും ഗവർണ്ണർ അതനുസരിച്ചുള്ള നടപടികളും സ്വീകരിച്ചു കൊണ്ടിരിക്കുന്നുണ്ടെന്നും ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഇവിടെ പറയുകയുണ്ടായി. ഇവിടെ കൺസ്റ്റിറ്റ്യൂഷണലായിട്ടാണോ കാര്യങ്ങൾ നടക്കുന്നതെന്നും ഭരണഘടനാസ്തംഭനം ഉണ്ടായിട്ടുണ്ടോ എന്നും ഉള്ളതു് അഡ്വക്കേറ്റു് ജനറലിന്റെ അഭിപ്രായം അറിഞ്ഞും ചർച്ച ചെയ്തും തീരുമാനിക്കേണ്ട കാര്യങ്ങളല്ല. ഭരണഘടനാസ്തംഭനം ഉണ്ടോ എന്നെല്ലാം പരിശോധിക്കേണ്ടതു് ബഹുമാനപ്പെട്ട ഗവർണ്ണറാണു്. എല്ല വിവരങ്ങളും ചീഫ മിനിസ്റ്റർ അദ്ദേഹത്തിനെഴുതിയിട്ടുണ്ടു് അതു് ഭരണഘടനാപരം അല്ല എന്നു ബഹുമാനപ്പെട്ട ഗവർണ്ണർക്കു് തോന്നിയിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

വെങ്കിൽ ഗവണ്മെന്റ് നടപടി എടുക്കുമായിരുന്നു. അല്ലെങ്കിൽ ഇനിയും എടുക്കാൻ കഴിയും. അതെല്ലാം ഗവർണ്മെന്റിന്റെ ഡ്യൂട്ടീസ് ആണ്. അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം അറിഞ്ഞിട്ട് സഭ ചർച്ച ചെയ്ത തീരുമാനം എടുക്കേണ്ടതല്ല ഇതൊന്നും. അന്നു നേരത്തേ പറഞ്ഞതുപോലെ ഇതിനെ സംബന്ധിച്ചെല്ലാം വ്യക്തമായി നോക്കിക്കാണും. അല്ലെങ്കിൽ നോക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമുള്ള അധികാരം അദ്ദേഹത്തിനുണ്ട്. സഭാനേതാവിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ആബ്സൻസിൽ ഇന്നയാൾ പ്രവർത്തിക്കുമെന്ന് കീഴ്വഴക്കം അനുസരിച്ചും നടപടിക്രമം അനുസരിച്ചും മറ്റൊരാളിനെ ചുമതലപ്പെടുത്താനുള്ള പൂർണ്ണ അധികാരം അദ്ദേഹത്തിനുണ്ട്. അതനുസരിച്ച് ചുമതലപ്പെടുത്തിയിട്ടുമുണ്ട്. സഭയുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള കാര്യങ്ങളും അങ്ങനെ അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് അഡ്വക്കേറ്റ് ജനറലിനെ വിളിക്കുകയോ സഭയിൽ ചർച്ച ചെയ്യുകയോ ചെയ്യേണ്ടതില്ല.

ശ്രീ. ഇ. അഹമ്മദ്: ആർട്ടിക്കിൾ 167 അനുസരിച്ച് ചീഫ് മിനിസ്റ്ററുടെ അധികാരങ്ങളും വ്യക്തമായി പറഞ്ഞിട്ടുണ്ട്. മദ്രാസിൽ മുഖ്യമന്ത്രിയായിരുന്ന അണ്ണാദുര വിദേശത്തു പോയപ്പോഴും വെസ്റ്റ് ബംഗാൾ മുഖ്യമന്ത്രിയായിരുന്ന ശ്രീ ബി. സി. റോയ് അമേരിക്കൻ പര്യടനത്തിനു പോയപ്പോഴുമെല്ലാം ഇതുപോലെയുള്ള നടപടിക്രമങ്ങളും ഉണ്ടായിട്ടുണ്ട്. ആർട്ടിക്കിൾ 166(3) അനുസരിച്ച് ഗവർണ്മെന്റാണ് ഭരണഘടനാപരമായാണോ ബിസിനസ് നടക്കുന്നതെന്നു നോക്കേണ്ടതും ഞാൻ മനസ്സിലാക്കിയിടത്തോളം ഗവർണ്മെന്റായിരിക്കും സ്റ്റേറ്റിന്റെ ബിസിനസ് നടത്തുന്നതിനുള്ള റൂൾസ് ഉണ്ടാക്കുന്നതിനു ബന്ധപ്പെട്ട വ്യക്തിയെന്നാണ്. ആ നിലയിൽ ഇതൊരു ഇഷ്യൂ ആകേണ്ടതില്ല.

ശ്രീ. എൻ. കണപതി : സർ, நமது மாநிலத்திற்கு முதன் மந்திரி சபை துடங்கப்பட்ட அன்று இருந்தார். இன்று இங்கு இல்லை. இன்னும் 2, 3 மாதங்களுக்கு இருக்க மாட்டார். அந்த ஸ்தானத்தை யார் பொறுப்பு வகிப்பது? மேலும் சர்க்கார் தரப்பிலிருந்து எந்த உத்திரவாதமுள்ள பதில் இல்லை. இந்த இரண்டு மூன்று மாதங்களில் கவர்னர் கேட்கவேண்டுமானால் யாரைக் கேட்பார்?

മി. സ്പീക്കർ: ഇവിടെ പോയിന്റ് ഓഫ് ഓർഡറിന്റെ പ്രശ്നമൊന്നുമില്ല. ഭരണഘടനാപരമായ ഒരു സംശയം ശ്രീ. കെ. കരുണാകരൻ ഉന്നയിച്ചു എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ഇന്ന് മുഖ്യമന്ത്രിയുടെ അധികാരങ്ങളും നിക്ഷിപ്തമായ ഒരു ആക്ടിംഗ് മുഖ്യമന്ത്രി ഉണ്ടോ എന്നുള്ളതാണ് കരുണാകരൻ ഉന്നയിച്ച പ്രശ്നം. പാർലമെന്ററി ഡെമോക്രസിയിൽ ഭരണം മുന്നോട്ടു കൊണ്ടുപോകുന്നതിന് ഭരണഘടനാപരമായുള്ള ചില തടസങ്ങളും ഉന്നയിച്ചതുകൊണ്ട് അതിനെ സംബന്ധിച്ച് എല്ലാവർക്കും അഭിപ്രായം പറയാൻ ഞാൻ അവസരം തന്നു എന്നേയുള്ളൂ. എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ നിയമസഭയുടെ നടപടികളും മുന്നോട്ടു കൊണ്ടുപോകാൻ യാതൊരു തടസ്സവും ഉണ്ടായിട്ടില്ല, അതു നടന്നുപോകുകയും ചെയ്യും. പിന്നെ മുഖ്യമന്ത്രി ഉണ്ടോ; അല്ലെങ്കിൽ ആ അധികാരം ആരുടെ കൈയ്യിലാണ് എന്നുള്ളതിനെ സംബന്ധിച്ചൊന്നും ഞാൻ പറയുന്നില്ല. പിന്നെ ഒരു മന്ത്രിക്കും ഉത്തരം പറയാൻ നിവൃത്തിയില്ലാത്ത കാര്യത്തെ സംബന്ധിച്ചു ചോദ്യം ചോദിച്ചാലും ഉത്തരം പറയാൻ അധികാരപ്പെടുത്തിയിട്ടുണ്ട്. ഒരു വകുപ്പിലും പ്രത്യേകം പെടാത്ത ചോദ്യങ്ങളും ശ്രീ. കരുണാകരൻ ചോദിക്കുകയാണെങ്കിലും അതിനെ സംബന്ധിച്ച് ഉത്തരം പറയാനും ബഹുമാനപ്പെട്ട റവന്യൂമന്ത്രിയെ അധികാരപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ കാര്യങ്ങളൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. അതെല്ലാം വളരെ ആലോചിച്ച ശേഷമേ പറയാൻ നിവൃത്തിയുള്ളൂ. ഈ സഭയുടെ നടപടികൾ മുന്നോട്ടു പോകുന്നതിന് യാതൊരു കുഴപ്പവും ഇപ്പോൾ ഇല്ലാത്തതുകൊണ്ട് ആ പ്രശ്നമില്ല. ഇനിമേലിൽ അങ്ങനെ എന്തെങ്കിലും ഉണ്ടാകുകയാണെങ്കിൽ അപ്പോൾ ആലോചിക്കാമെന്നു മാത്രമേ പറയുന്നുള്ളൂ. ഇപ്പോൾ എന്തായാലും അങ്ങനെ ഒരു സാഹ

LIBRARY ARCHIVES Kerala Legislative Assembly

ചര്യം ഇല്ലാത്തതുകൊണ്ട് സമാനടപടികളും മുന്നോട്ട കൊണ്ടുപോകുകയാണ്. ഭരണഘടനാപരമായ കാര്യങ്ങളെ സംബന്ധിച്ച് നമുക്ക് ആലോചിക്കാം. അതിനുള്ള അവസരം നമുക്കുണ്ടാക്കാം എന്നാണ് എനിക്ക തോന്നുന്നത്.

Shri E. John Jacob: Sir, from your present decision are we to understand that the hon. Revenue Minister will be acting as Chief Minister?

Mr. Speaker: I have not said anything like that.

ശ്രീ. എൻ. കണപതി: സർ, എല്ലാ മന്ത്രിമാരും ജോയിന്റ് മന്ത്രിമാരാ? തമിഴ് നാട്ടിൽ അണ്ണാദുരൈ ഇല്ലാതപോതു തിരു. നെടുഞ്ചേഴിയൻ മുതൽ മന്ത്രി പൊറുപ്പു വകിത്താർ. ഇന്നും അങ്കു മുതൽ മന്ത്രി തിരു. കരുണാനിധിയും ചപൈത് തലൈവർ തിരു. നെടുഞ്ചേഴിയനുമാക ഇരുക്കിറാർകൾ. ആകവേ ഇങ്കു മുതൽ മന്ത്രിയിൻ പൊറുപ്പു യാർ എൻപതൈ സർക്കാർ തരപ്പു തിട്ടവട്ടമാക കൂറ വേണ്ടും. അല്ലതു സപാനായകർ കൂറുംപടി ഉത്തരവു പോടവേണ്ടും.

മി. സ്പീക്കർ: ഇതിനെ സംബന്ധിച്ച കാര്യങ്ങളെല്ലാം വളരെ വിശദമായി സംസാരിച്ചു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇനി ഇങ്ങനെയുള്ള ചോദ്യങ്ങളൊന്നും അനുവദിക്കുന്നില്ല.

ശ്രീ. കെ. കരുണാകരൻ: നമ്മുടെ അഡ്വക്കേറ്റ് ജനറലിനെ ഈ സഭയിൽ വിളിച്ചുവരുത്തി അദ്ദേഹത്തിന്റെ അഭിപ്രായം അറിയാനുള്ള എന്തെങ്കിലും ഏർപ്പാട് ചെയ്യുന്നതിനെപ്പറ്റി ഒന്നും പറഞ്ഞില്ല.

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട ഗവണ്മെന്റ് ഇതു സംബന്ധിച്ച പരിശോധനകളും ഭംഗിയായിത്തന്നെ നടത്തിയിരിക്കുമെന്നു നേരത്തെ പറയുകയുണ്ടായി. അതേ ഹമാണ് അതു നോക്കേണ്ടതു്. അതല്ലാതെ അഡ്വക്കേറ്റ് ജനറലിനെ വിളിച്ചാലും ഈ സംശയം അവശേഷിക്കുകതന്നെ ചെയ്യും. അതു കൊണ്ട് അതിന്റെ ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ഇപ്പോൾ സഭ്യേ മുന്നോട്ട പോകുന്നതിനു് യാതൊരു പ്രയാസവുമില്ല. പിന്നെ മറ്റു കാര്യങ്ങളെപ്പറ്റി വേണമെങ്കിൽ നമുക്ക് ആലോചിക്കാം.

CALLING ATTENTION UNDER RULE 61

(i) Satyagraha by Panchayath Officers.

മി. സ്പീക്കർ: ആർഡർ, ആർഡർ കേരളത്തിലുള്ള 933 പഞ്ചായത്തിലെ എക്സിക്യൂട്ടീവ് ആഫീസറന്മാരുടെ അവശതകളും പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്തു് എക്സിക്യൂട്ടീവ് ആഫീസേഴ്സ് അസോസിയേഷൻ പ്രതിനിധികളും തുടങ്ങിയിരിക്കുന്ന സത്യാഗ്രഹം മൂലം ഉളവായിരിക്കുന്ന ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടി ശ്രീ. വി. കുട്ടികൃഷ്ണൻ നായർ റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് തന്നിട്ടുണ്ട്.

ശ്രീ. വി. കുട്ടികൃഷ്ണൻ നായർ: സർ, കേരളത്തിലെ 933 പഞ്ചായത്തു് എക്സിക്യൂട്ടീവ് ആഫീസറന്മാരെ പ്രതിനിധീകരിച്ച് ഇന്നു് ഈ സെക്രട്ടറിയേറ്റ് ഗേറ്റിൽ ഒരു സൂചനാസത്യാഗ്രഹം നടത്തുകൊണ്ടിരിക്കുകയാണു്. വളരെ പ്രധാനപ്പെട്ട പല അവശതകളും പരിഹരിച്ചു കിട്ടുന്നതിനുവേണ്ടിയാണു് അവർ ഈ സൂചനാസത്യാഗ്രഹം നടത്തുന്നതു്. അവരുടെ ശമ്പളത്തോതിലുള്ള അപാകതകളും പരിഹരിച്ചു കിട്ടുക, പഞ്ചായത്തു് ഇൻസ്പെക്ടറന്മാരുടെ ഒഴിവുകളും വരുമ്പോൾ പഞ്ചാ

LIBRARY ARCHIVES Kerala Legislative Assembly